# 2026 ഫെബ്രുവരി 13-15 തീയതികളിൽ നടക്കുന്ന അന്താരാഷ്ട്ര ചൈനീസ് ഭാഷാ സമ്മേളനത്തിനായുള്ള ദൂതുകളുടെ രൂപരേഖകൾ

## പൊതുവിഷയം:
## നോഹ, ദാനീയേൽ, ഇയ്യോബ്—ദൈവത്തിന്റെ വ്യവസ്ഥയെ നിറവേറ്റുന്നതിന് ജീവന്റെ രേഖയിൽ ഒരു ജയജീവിതം നയിക്കുന്നതിന്റെ മാതൃകകൾ

ദൂത് രണ്ട്

## നോഹയോടുള്ള ബന്ധത്തിൽ ജീവന്റെ രേഖ—യുഗത്തെ മാറ്റുന്ന ജീവിതവും വേലയും

തിരുവെഴുത്ത് വായന: ഉല്പ. 6:5-14; എബ്രാ. 11:7

ഉല്പ. 6:5 ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പോഴും ദോഷമുള്ളതത്രേ എന്നും യഹോവ കണ്ടു.

ഉല്പ. 6:6 താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കുകകൊണ്ടു യഹോവ അനുതപിച്ചു; അതു അവന്റെ ഹൃദയത്തിന്നു ദുഃഖമായി:

ഉല്പ. 6:7 ഞാൻ സൃഷ്ടിച്ചിട്ടുള്ള മനുഷ്യനെ ഭൂമിയിൽനിന്നു നശിപ്പിച്ചുകളയും; മനുഷ്യനെയും മൃഗത്തെയും ഇഴജാതിയെയും ആകാശത്തിലെ പക്ഷികളെയും തന്നേ; അവയെ ഉണ്ടാക്കുകകൊണ്ടു ഞാൻ അനുതപിക്കുന്നു എന്നു യഹോവ അരുളിച്ചെയ്തു.

ഉല്പ. 6:8 എന്നാൽ നോഹെ യഹോവയുടെ കൃപ കണ്ടെത്തി.

ഉല്പ. 6:9 നോഹയുടെ വംശപാരമ്പര്യം എന്തെന്നാൽ: നോഹ നീതിമാനും തന്റെ തലമുറയിൽ നിഷ്കളങ്കനുമായിരുന്നു; നോഹ ദൈവത്തോടുകൂടെ നടന്നു.

ഉല്പ. 6:10 ശേം, ഹാം, യാഫെത്ത് എന്ന മൂന്നു പുത്രന്മാരെ നോഹ ജനിപ്പിച്ചു.

ഉല്പ. 6:11 എന്നാൽ ഭൂമി ദൈവത്തിന്റെ മുമ്പാകെ വഷളായി; ഭൂമി അതിക്രമംകൊണ്ടു നിറഞ്ഞിരുന്നു.

ഉല്പ. 6:12 ദൈവം ഭൂമിയെ നോക്കി, അതു വഷളായി എന്നു കണ്ടു; സകലജഡവും ഭൂമിയിൽ തന്റെ വഴി വഷളാക്കിയിരുന്നു.

ഉല്പ. 6:13 ദൈവം നോഹയോടു കല്പിച്ചതെന്തെന്നാൽ: സകലജഡത്തിന്റെയും അവസാനം എന്റെ മുമ്പിൽ വന്നിരിക്കുന്നു; ഭൂമി അവരാൽ അതിക്രമംകൊണ്ടു നിറഞ്ഞിരിക്കുന്നു; ഞാൻ അവരെ ഭൂമിയോടുകൂടെ നശിപ്പിക്കും.

ഉല്പ. 6:14 നീ ഗോഫർമരംകൊണ്ടു ഒരു പെട്ടകം ഉണ്ടാക്കുക; പെട്ടകത്തിന്നു അറകൾ ഉണ്ടാക്കി, അകത്തും പുറത്തും കീൽ തേക്കേണം.

എബ്രാ. 11:7 വിശ്വാസത്താൽ നോഹ, അതുവരെ കാണാത്ത കാര്യങ്ങളെക്കുറിച്ച് ദിവ്യനിർദേശം ലഭിച്ചിട്ട് ഭയഭക്തി പൂണ്ട്, തന്റെ ഭവനത്തിന്റെ രക്ഷയ്ക്കായി ഒരു പെട്ടകം തയ്യാറാക്കി, അതിലൂടെ അവൻ ലോകത്തെ കുറ്റം വിധിക്കുകയും, വിശ്വാസപ്രകാരമുള്ള നീതിയുടെ അവകാശിയായിത്തീരുകയും ചെയ്തു.

**I. നോഹ ദൈവത്തിൽ വിശ്വസിച്ചു, ദൈവത്തോടുകൂടെ നടന്നു, ദൈവത്തെ പ്രസാദിപ്പിച്ചു, ദൈവം താൻ ആയിരിക്കുന്നതെല്ലാം ആസ്വദിച്ചു:**

A. സാത്താൻ മനുഷ്യനെ പൂർണമായും ദുഷിപ്പിച്ചു, ദൈവം തന്റെ ഉദ്ദേശ്യത്തിനായി സൃഷ്ടിച്ച മനുഷ്യനെ നശിപ്പിക്കാൻ തീരുമാനിച്ചു.

B. അങ്ങനെ, ദൈവം പരാജിതനായി എന്ന് തോന്നി; *എന്നാൽ നോഹ* എന്നത് മനുഷ്യനെകൊണ്ടുള്ള തന്റെ ആരംഭ ഉദ്ദേശ്യം തുടർന്നും നിർവഹിക്കുന്നതിനുള്ള ഒരു മാർഗം ദൈവത്തിന് നൽകിയ സർവാധികാരപരമായ ഘടകത്തിലേക്ക് വിരൽ ചൂണ്ടുന്നു.

C. നോഹയുടെ ജീവിതത്തിലൂടെയും വേലയിലൂടെയും, ദൈവം തന്റെ ശത്രുവിന്റെ മേൽ വിജയം നേടുകയും യുഗത്തെ മാറ്റുകയും ചെയ്തു.

**II. നോഹയുടെ ജീവിതം യുഗത്തെ മാറ്റിയ ഒരു ജീവിതമായിരുന്നു—പ്ര.നി. ഫിലി. 1:19-21:**

ഫിലി. 1:19 നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താലും ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു,

ഫിലി. 1:20 എന്റെ വ്യഗ്രമായ പ്രതീക്ഷയ്ക്കും പ്രത്യാശയ്ക്കും ഒത്തവണ്ണം, യാതൊന്നിലും ഞാൻ ലജ്ജിച്ചുപോകാതെ, പൂർണ ധൈര്യത്തോടെ, എപ്പോഴും എന്നപോലെ ഇപ്പോഴും ജീവനാലാകട്ടെ മരണത്താലാകട്ടെ ക്രിസ്തു എന്റെ ശരീരത്തിൽ മഹിമപ്പെടും.

ഫിലി. 1:21 എനിക്കു ജീവിക്കുന്നത് ക്രിസ്തുവും....

A. യുഗത്തെ മാറ്റുന്ന ജീവിതം പൂർവികരുടെ ദൈവിക വഴികൾ അവകാശമാക്കുന്ന ഒരു ജീവിതമാണ്:

1. സ്ത്രീയുടെ സന്തതിയായി ക്രിസ്തുവിനെ വാഗ്ദാനമായും ദൈവത്തെ തൃപ്തിപ്പെടുത്തുന്ന നീതിയായി ക്രിസ്തുവിനെ ആവരണമായും സ്വീകരിച്ചുകൊണ്ട് നോഹ ആദാമിന്റെ രക്ഷയുടെ മാർഗം അവകാശമാക്കി—ഉല്പ. 3:15, 20-21; പ്ര.നി. യെശ. 12:2.

ഉല്പ. 3:15 ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അവൻ നിന്റെ തല തകർക്കും; നീ അവന്റെ കുതികാൽ തകർക്കും.

ഉല്പ. 3:20 മനുഷ്യൻ തന്റെ ഭാര്യക്കു ഹവ്വാ എന്നു പേരിട്ടു; അവൾ ജീവനുള്ളവർക്കെല്ലാം മാതാവല്ലോ.

ഉല്പ. 3:21 യഹോവയായ ദൈവം ആദാമിന്നും അവന്റെ ഭാര്യക്കും തോൽകൊണ്ടു ഉടുപ്പു ഉണ്ടാക്കി അവരെ ഉടുപ്പിച്ചു.

യെശ. 12:2 ഇതാ, ദൈവം എന്റെ രക്ഷ; യഹോവയായ യാഹ് എന്റെ ബലവും എന്റെ ഗീതവും ആയിരിക്കകൊണ്ടും അവൻ എന്റെ രക്ഷയായ്തീർന്നിരിക്കകൊണ്ടും ഞാൻ ഭയപ്പെടാതെ ആശ്രയിക്കും.

2. നോഹ ഹാബെലിന്റെ യാഗർപ്പണത്തിന്റെ മാർഗം അവകാശമാക്കി, അത് നമ്മുടെ പാപങ്ങൾക്കുള്ള യാഗമായി മാത്രമല്ല, ദൈവത്തെ പ്രസാദിപ്പിക്കുന്നതിനുള്ള ഉപഹാരമായും ക്രിസ്തുവിനെ ദൈവത്തിന് അർപ്പിക്കുന്നതാണ്—ഉല്പ. 4:4.

ഉല്പ. 4:4 ഹാബെലും ആട്ടിൻകൂട്ടത്തിലെ കടിഞ്ഞൂലുകളിൽനിന്നു, അവയുടെ മേദസ്സിൽനിന്നു തന്നേ, ഒരു വഴിപാടു കൊണ്ടുവന്നു. യഹോവ ഹാബെലിലും അവന്റെ വഴിപാടിലും പ്രസാദിച്ചു.

3. യഹോവ താൻ ആയിരിക്കുന്നതെല്ലാം ആസ്വദിക്കുന്നതിന് അവന്റെ നാമം വിളിച്ചപേക്ഷിക്കുന്ന എനോശിന്റെ മാർഗം നോഹ അവകാശമാക്കി—വാ. 26; യിരെ. 33:3; റോമ. 10:12; 2 തിമൊ. 2:22.

| | |
|---|---|
| ഉല്പ. 4:26 | ശേത്തിന്നും ഒരു മകൻ ജനിച്ചു; അവന്നു എനോശ് എന്നു പേരിട്ടു. ആ കാലത്തു യഹോവയുടെ നാമത്തിലുള്ള ആരാധന തുടങ്ങി. |
| യിരെ. 33:3 | എന്നെ വിളിച്ചപേക്ഷിക്ക; ഞാൻ നിനക്കുത്തരം അരുളും; നീ അറിയാത്ത മഹത്തായും അഗോചരമായും ഉള്ള കാര്യങ്ങളെ ഞാൻ നിന്നെ അറിയിക്കും. |
| റോമ. 10:12 | യെഹൂദനും യവനനും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ല, ഒരേ കർത്താവുതന്നെ എല്ലാവരുടെയും കർത്താവും, അവനെ വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും സമ്പന്നനും ആകുന്നു; |
| 2 തിമൊ. 2:22 | എന്നാൽ യൗവനമോഹങ്ങളെ വിട്ടോടി, നിർമല ഹൃദയത്തിൽ നിന്ന് കർത്താവിനെ വിളിച്ചപേക്ഷിക്കുന്നവരോടൊപ്പം നീതിയും വിശ്വാസവും സ്നേഹവും സമാധാനവും പിൻപറ്റുക. |

4. ദൈവത്തോടുകൂടെ നടക്കുക എന്ന ഹാനോക്കിന്റെ മാർഗം നോഹ അവകാശമാക്കി, അത് ദൈവത്തിനൊത്തവണ്ണവും ദൈവത്തോടുകൂടെയും ജീവിക്കുകയും എല്ലാ കാര്യങ്ങളും ചെയ്യുകയും ചെയ്തുകൊണ്ട് ദൈവത്തെ നമ്മുടെ കേന്ദ്രമായും എല്ലാമായും എടുക്കുന്നതാണ്—ഉല്പ. 5:22-24; എബ്രാ. 11:5-6; 2 കൊരി. 5:4, 9, 14-16; 6:1.

| | |
|---|---|
| ഉല്പ. 5:22 | മെഥൂശലഹിനെ ജനിപ്പിച്ച ശേഷം ഹാനോക്ക് മൂന്നൂറു സംവത്സരം ദൈവത്തോടുകൂടെ നടക്കയും പുത്രന്മാരെയും പുത്രിമാരെയും ജനിപ്പിക്കയും ചെയ്തു. |
| ഉല്പ. 5:23 | ഹനോക്കിന്റെ ആയുഷ്കാലം ആകെ മുന്നൂറ്ററുപത്തഞ്ചു സംവത്സരമായിരുന്നു. |
| ഉല്പ. 5:24 | ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു, ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതെയായി. |
| എബ്രാ. 11:5 | വിശ്വാസത്താൽ ഹാനോക്, താൻ മരണം കാണാതിരിക്കുവാൻ തക്കവണ്ണം മാറ്റപ്പെട്ടു; ദൈവം അവനെ മാറ്റിയതിനാൽ അവനെ കണ്ടില്ല. മാറ്റപ്പെടുന്നതിനു മുമ്പ് അവൻ ദൈവത്തിനു സുപ്രസാദമുള്ളവൻ എന്ന സാക്ഷ്യം പ്രാപിച്ചു. |
| എബ്രാ. 11:6 | എന്നാൽ വിശ്വാസം കൂടാതെ ദൈവത്തിനു സുപ്രസാദകരമാകുക അസാധ്യമാകുന്നു, എന്തെന്നാൽ ദൈവത്തിന്റെ അടുക്കൽ മുമ്പോട്ട് വരുന്നവൻ, ദൈവം ആകുന്നു എന്നും അവനെ ശുഷ്കാന്തിയോടെ അന്വേഷിക്കുന്നവർക്ക് അവൻ പ്രതിഫലം നൽകുന്നവനാകുന്നു എന്നും വിശ്വസിക്കണം. |
| 2 കൊരി. 5:4 | കൂടാതെ, മർത്യമായത് ജീവനാൽ വിഴുങ്ങപ്പെടേണ്ടതിന്, ഈ കൂടാരത്തിൽ ആയിരിക്കുന്ന ഞങ്ങൾ, ധരിക്കാത്തവരായല്ല ധരിച്ചവരായത്രേ ആയിരിക്കുവാൻ ഇച്ഛിച്ചുകൊണ്ട് ഭാരപ്പെട്ട് ഞരങ്ങുന്നു. |
| 2 കൊരി. 5:9 | അതുകൊണ്ട് ഭവനത്തിൽ ആയിരുന്നാലും അകലെ ആയിരുന്നാലും, അവന് സുപ്രസാദമുള്ളവർ എന്ന |

മാനം നേടുവാൻ ഞങ്ങൾ നിശ്ചയിച്ചിരിക്കുന്നു.

2 കൊരി. 5:14 ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു, എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചതുകൊണ്ട് എല്ലാവരും മരിച്ചു എന്നും,

2 കൊരി. 5:15 ജീവിക്കുന്നവർ ഇനി തങ്ങൾക്കുതന്നെയല്ല, തങ്ങൾക്കുവേണ്ടി മരിച്ചിട്ട് ഉയിർപ്പിക്കപ്പെട്ടവന് ജീവിക്കേണ്ടതിനത്രേ അവൻ എല്ലാവർക്കും വേണ്ടി മരിച്ചതെന്നും ഞങ്ങൾ തീർപ്പുവരുത്തിയിരിക്കുന്നു.

2 കൊരി. 5:16 അതിനാൽ ഇപ്പോൾ മുതൽ, ഞങ്ങൾ ആരെയും ജഡപ്രകാരം അറിയുന്നില്ല; ഞങ്ങൾ ക്രിസ്തുവിനെ ജഡപ്രകാരം അറിഞ്ഞിരിക്കുന്നുവെങ്കിലും, ഇനിമേൽ അങ്ങനെ അറിയുന്നില്ല.

2 കൊരി. 6:1 അങ്ങനെ അവനോടുകൂടെ വേല ചെയ്തുകൊണ്ട്, ദൈവത്തിന്റെ കൃപ വ്യർഥമായി പ്രാപിക്കരുതെന്ന് ഞങ്ങൾ നിങ്ങളോട് അപേക്ഷിക്കുന്നു;

B. നോഹ താൻ ജീവിച്ചിരുന്ന ദുഷിച്ച യുഗത്തിന്റെ യഥാർഥ അവസ്ഥയെ ദൈവം അവന് കാണിച്ചുകൊടുത്തു—ഉല്പ. 6:3, 5, 11, 13; മത്താ. 24:37-39; 2 തിമൊ. 3:1-5.

ഉല്പ. 6:3 അപ്പോൾ യഹോവ: മനുഷ്യനിൽ എന്റെ ആത്മാവു സദാകാലവും വാദിച്ചുകൊണ്ടിരിക്കയില്ല; അവൻ ജഡം തന്നേയല്ലോ; എങ്കിലും അവന്റെ കാലം നൂറ്റിരുപതു സംവത്സരമാകും എന്നു അരുളിച്ചെയ്തു.

ഉല്പ. 6:5 ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പോഴും ദോഷമുള്ളതത്രേ എന്നും യഹോവ കണ്ടു.

ഉല്പ. 6:11 എന്നാൽ ഭൂമി ദൈവത്തിന്റെ മുമ്പാകെ വഷളായി; ഭൂമി അതിക്രമംകൊണ്ടു നിറഞ്ഞിരുന്നു.

ഉല്പ. 6:13 ദൈവം നോഹയോടു കല്പിച്ചതെന്തെന്നാൽ: സകലജഡത്തിന്റെയും അവസാനം എന്റെ മുമ്പിൽ വന്നിരിക്കുന്നു; ഭൂമി അവരാൽ അതിക്രമംകൊണ്ടു നിറഞ്ഞിരിക്കുന്നു; ഞാൻ അവരെ ഭൂമിയോടുകൂടെ നശിപ്പിക്കും.

മത്താ. 24:37 എപ്രകാരം നോഹയുടെ നാളുകൾ ആയിരുന്നുവോ, അപ്രകാരം തന്നെ മനുഷ്യപുത്രന്റെ വരവും ആയിരിക്കും.

മത്താ. 24:38 എന്തെന്നാൽ ജലപ്രളയത്തിനു മുമ്പുള്ള ആ നാളുകളിൽ, നോഹ പെട്ടകത്തിനുള്ളിലേക്കു പ്രവേശിച്ച നാൾവരെ, അവർ തിന്നുകയും കുടിക്കുകയും, വിവാഹം കഴിക്കുകയും വിവാഹത്തിന് ഏൽപ്പിക്കുകയും ചെയ്തിരുന്ന പോലെ,

മത്താ. 24:39 ജലപ്രളയം വന്നു എല്ലാറ്റിനെയും എടുത്തുകൊണ്ടു പോയതുവരെ, ന്യായവിധി വരുന്നുണ്ടെന്ന് അവർ അറിഞ്ഞില്ല; മനുഷ്യപുത്രന്റെ വരവും അങ്ങനെതന്നെ ആയിരിക്കും.

2 തിമൊ. 3:1 എന്നാൽ അവസാന നാളുകളിൽ ദുർഘടസമയങ്ങൾ വരും എന്ന് അറിഞ്ഞുകൊള്ളുക.

2 തിമൊ. 3:2 എന്തെന്നാൽ മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും ധാർഷ്ട്യമുള്ളവരും അസഭ്യം പറയുന്നവരും മാതാപിതാക്കളെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും,

2 തിമൊ. 3:3 സ്വാഭാവിക വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും

| | |
|---|---|
| | ദുഷിക്കുന്നവരും ആത്മനിയന്ത്രണമില്ലാത്തവരും ക്രൂരന്മാരും നന്മ സ്നേഹിക്കാത്തവരും, |
| 2 തിമൊ. 3:4 | വിശ്വാസവഞ്ചകരും വീണ്ടുവിചാരമില്ലാത്തവരും നിഗളത്താൽ കുരുടരായവരും ദൈവസ്നേഹികളെക്കാൾ ഭോഗസ്നേഹികളും, |
| 2 തിമൊ. 3:5 | ദൈവികതയുടെ ബാഹ്യരൂപമുള്ളവരായി, അതിന്റെ ശക്തി ത്യജിക്കുന്നവരും ആയിരിക്കും; ഇവരിൽ നിന്ന് തിരിഞ്ഞുകൊള്ളുക. |

C. “എന്നാൽ *നോഹയ്ക്കു* യഹോവയുടെ കൃപ ലഭിച്ചു”—ഉല്പ. 6:8:

1. സാഹചര്യത്തെ തന്നാലാവോളം നശിപ്പിക്കുവാൻ സാത്താൻ ശ്രമിച്ചപ്പോൾ, യുഗത്തെ മാറ്റുവാൻ ദൈവത്തിന്റെ ദൃഷ്ടിയിൽ കൃപ കണ്ടെത്തിയ ചിലർ എപ്പോഴും ഉണ്ടായിട്ടുണ്ട്—പ്ര.നി. ദാനീ. 1:8; 9:23; 10:11, 19.

| | |
|---|---|
| ദാനീ. 1:8 | എന്നാൽ രാജാവിന്റെ ഭോജനംകൊണ്ടും അവൻ കുടിക്കുന്ന വീഞ്ഞുകൊണ്ടും തന്നെത്താൻ അശുദ്ധമാക്കുകയില്ല എന്നു ദാനീയേൽ ഹൃദയത്തിൽ നിശ്ചയിച്ചു, തനിക്കു അശുദ്ധി ഭവിപ്പാൻ ഇടവരുത്തരുതെന്നു ഷണ്ഡാധിപനോടു അപേക്ഷിച്ചു. |
| ദാനീ. 9:23 | നീ ഏറ്റവും പ്രിയനാകയാൽ നിന്റെ യാചനകളുടെ ആരംഭത്തിങ്കൽ തന്നേ കല്പന പുറപ്പെട്ടു, നിന്നോടു അറിയിപ്പാൻ ഞാൻ വന്നുമിരിക്കുന്നു; അതുകൊണ്ടു നീ കാര്യം ചിന്തിച്ചു ദർശനം ഗ്രഹിച്ചുകൊൾക. |
| ദാനീ. 10:11 | അവൻ എന്നോടു: ഏറ്റവും പ്രിയപുരുഷനായ ദാനീയേലേ, ഞാൻ നിന്നോടു പറയുന്ന വചനങ്ങളെ ശ്രദ്ധിച്ചു നിവിർന്നുനിൽക്ക; ഞാൻ ഇപ്പോൾ നിന്റെ അടുക്കൽ അയക്കപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞു; അവൻ ഈ വാക്കു എന്നോടു സംസാരിച്ചപ്പോൾ ഞാൻ വിറെച്ചുകൊണ്ടു നിവിർന്നുനിന്നു. |
| ദാനീ. 10:19 | ഏറ്റവും പ്രിയപുരുഷാ, ഭയപ്പെടേണ്ടാ; നിനക്കു സമാധാനം! ബലപ്പെട്ടിരിക്ക, ബലപ്പെട്ടിരിക്ക എന്നു പറഞ്ഞു; അവൻ എന്നോടു സംസാരിച്ചപ്പോൾ ഞാൻ ബലപ്പെട്ടു: യജമാനനേ, സംസാരിക്കേണമേ; നീ എന്നെ ബലപ്പെടുത്തിയിരിക്കുന്നുവല്ലോ എന്നു പറഞ്ഞു. |

2. ഉല്പത്തി പുസ്തകത്തിലെ രേഖയുടെ പ്രധാന ലക്ഷ്യം വീഴ്ചയെ കാണിക്കുക എന്നതല്ല, പിന്നെയോ ദൈവത്തിന്റെ കൃപയ്ക്ക് വീണുപോയ ജനത്തിനുവേണ്ടി എത്രമാത്രം ചെയ്യാൻ കഴിയുമെന്ന് കാണിക്കുന്നതാണ്:

    a. കൃപ എന്നത് നമുക്ക് എല്ലാമാകുവാനും, നമ്മിലും നമ്മിലൂടെയും നമുക്കുവേണ്ടിയും എല്ലാം ചെയ്യുവാനും നാം ആസ്വദിക്കുന്ന ദൈവത്തിന്റെ സാന്നിധ്യമായ, ദൈവം തന്നെയാണ്—യോഹ. 1:14, 16-17; വെളി. 22:21.

| | |
|---|---|
| യോഹ. 1:14 | വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു). |
| യോഹ. 1:16 | അവന്റെ നിറവിൽ നിന്ന് നമുക്ക് എല്ലാവർക്കും, കൃപമേൽ കൃപ ലഭിച്ചിരിച്ചിരിക്കുന്നു. |

| | |
|---|---|
| യോഹ. 1:17 | ന്യായപ്രമാണം മോശെ മുഖാന്തരം നൽകപ്പെട്ടു; കൃപയും യാഥാർഥ്യവും യേശു ക്രിസ്തു മുഖാന്തരം വന്നു. |
| വെളി. 22:21 | കർത്താവായ യേശുവിന്റെ കൃപ സകല വിശുദ്ധന്മാരോടുംകൂടെ ഇരിക്കട്ടെ. ആമേൻ. |

b. കൃപയെന്ന നിലയിൽ കർത്താവിന്റെ ആസ്വാദനം അവനെ സ്നേഹിക്കുന്നവരോടുകൂടെയാണ്—എഫെ. 6:24; യോഹ. 21:15-17.

| | |
|---|---|
| എഫെ. 6:24 | നമ്മുടെ കർത്താവായ യേശു ക്രിസ്തുവിനെ അക്ഷയതയിൽ സ്നേഹിക്കുന്ന എല്ലാവരോടുംകൂടെ കൃപ ഉണ്ടായിരിക്കട്ടെ. |
| യോഹ. 21:15 | പിന്നെ അവർ പ്രാതൽ കഴിച്ചശേഷം, യേശു ശിമോൻ പത്രൊസിനോട്, യോഹന്നാന്റെ മകനായ ശിമോനേ, ഇവയിൽ അധികമായി നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു. അവൻ അവനോട്, ഉവ്വ്, കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. എന്റെ കുഞ്ഞാടുകളെ പോഷിപ്പിക്കുക എന്ന് അവൻ അവനോട് പറഞ്ഞു. |
| യോഹ. 21:16 | രണ്ടാമതും അവൻ അവനോട്, യോഹന്നാന്റെ മകനായ ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു. അവൻ അവനോട്, ഉവ്വ് കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. എന്റെ ആടുകളെ മേയ്ക്കുക എന്ന് അവൻ അവനോട് പറഞ്ഞു. |
| യോഹ. 21:17 | മൂന്നാമതും അവൻ അവനോട്, യോഹന്നാന്റെ മകനായ ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു. നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു അവൻ മൂന്നാമതും തന്നോടു ചോദിച്ചതിനാൽ പത്രൊസ് ദുഃഖിതനായി. അവൻ അവനോട്, കർത്താവേ, നിനക്ക് എല്ലാം അറിയാം; ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നു എന്നു പറഞ്ഞു. യേശു അവനോട്, എന്റെ ആടുകളെ പോഷിപ്പിക്കുക. |

c. ത്രിയേക ദൈവത്തിന്റെ ധാരാളമായ സഹായമെന്ന നിലയിൽ കർത്താവായ യേശു ക്രിസ്തുവിന്റെ കൃപ നമ്മുടെ മനുഷ്യാത്മാവിനെ വ്യായാമം ചെയ്യുന്നതിലൂടെ നാം ആസ്വദിക്കുന്നു—എബ്രാ. 10:29; ഗലാ. 6:18; ഫിലി. 4:23; ഫിലേ. 25; 2 തിമൊ. 4:22.

| | |
|---|---|
| എബ്രാ. 10:29 | ദൈവപുത്രനെ ചവിട്ടിമെതിക്കുകയും, തന്നെ വിശുദ്ധീകരിച്ച ഉടമ്പടിയുടെ രക്തത്തെ പൊതുവായത് എന്ന് കരുതുകയും, കൃപയുടെ ആത്മാവിനെ അപമാനിക്കുകയും ചെയ്തവനെ എത്ര ദുഷ്കരമായ ശിക്ഷക്കു യോഗ്യനായി കരുതും എന്ന് നിങ്ങൾക്കു തോന്നുന്നു? |

| | |
|---|---|
| ഗലാ. 6:18 | സഹോദരന്മാരേ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ കൃപ നിങ്ങളുടെ ആത്മാവോടുകൂടെ ഇരിക്കട്ടെ. ആമേൻ. |
| ഫിലി. 4:23 | കർത്താവായ യേശു ക്രിസ്തുവിന്റെ കൃപ നിങ്ങളുടെ ആത്മാവോടു കൂടെ ഇരിക്കട്ടെ. |
| ഫിലേ. 1:25 | കർത്താവായ യേശു ക്രിസ്തുവിന്റെ കൃപ നിങ്ങളുടെ ആത്മാവോടു കൂടെയിരിക്കട്ടെ. |
| 2 തിമൊ. 4:22 | കർത്താവ് നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ. കൃപ നിങ്ങളോടു കൂടെ ഇരിക്കട്ടെ. |

d. ദൈവവചനം കൃപയുടെ വചനമാണ്—പ്രവൃ. 20:32; കൊലൊ. 3:16; പ്ര.നി. യിരെ. 15:16.

| | |
|---|---|
| പ്രവൃ. 20:32 | ഇപ്പോൾ ഞാൻ നിങ്ങളെ ദൈവത്തിനും, നിങ്ങളെ കെട്ടുപണി ചെയ്യുവാനും വിശുദ്ധീകരിക്കപ്പെട്ട എല്ലാവരുടെയും ഇടയിലുള്ള അവകാശം നിങ്ങൾക്ക് നൽകുവാനും കഴിയുന്ന അവന്റെ കൃപയുടെ വചനത്തിനും ഭരമേൽപ്പിക്കുന്നു. |
| കൊലൊ. 3:16 | സങ്കീർത്തനങ്ങളാലും ഗീതങ്ങളാലും ആത്മിക ഗാനങ്ങളാലും അന്യോന്യം ഉപദേശിച്ചും പ്രബോധിപ്പിച്ചും, നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിനു കൃപയോടെ പാടിയും, ക്രിസ്തുവിന്റെ വചനം സകല ജ്ഞാനത്തിലും സമ്പന്നമായി നിങ്ങളിൽ വസിക്കട്ടെ. |
| യിരെ. 15:16 | ഞാൻ നിന്റെ വചനങ്ങളെ കണ്ടെത്തി ഭക്ഷിച്ചിരിക്കുന്നു; നിന്റെ വചനങ്ങൾ എനിക്കു സന്തോഷവും എന്റെ ഹൃദയത്തിന്നു ആനന്ദവും ആയി; സൈന്യങ്ങളുടെ ദൈവമായ യഹോവേ, നിന്റെ നാമം എനിക്കു വിളിക്കപ്പെട്ടിരിക്കുന്നുവല്ലോ. |

e. ഒരുമയുടെ അടിത്തറയിൽ വിശുദ്ധന്മാരുമായി കൂടിവരുമ്പോൾ ജീവന്റെ കൃപയെന്ന നിലയിൽ പ്രക്രിയാവിധേയനായ ത്രിയേക ദൈവത്തെ നാം അനുഭവമാക്കുന്നു—സങ്കീ. 133:3; 1 പത്രൊ. 3:7; പ്രവൃ. 4:33; 11:23.

| | |
|---|---|
| സങ്കീ. 133:3 | സീയോൻപർവ്വതത്തിൽ പെയ്യുന്ന ഹെർമ്മോന്യമഞ്ഞുപോലെയും ആകുന്നു; അവിടെയല്ലോ യഹോവ അനുഗ്രഹവും ശാശ്വതമായുള്ള ജീവനും കല്പിച്ചിരിക്കുന്നതു. |
| 1 പത്രൊ. 3:7 | അങ്ങനെതന്നെ ഭർത്താക്കന്മാരേ, നിങ്ങളുടെ പ്രാർഥനകൾക്കു തടസ്സം വരാതിരിക്കേണ്ടതിന്, സ്ത്രീ ബലഹീന പാത്രം എന്നുവച്ച്, ജീവകൃപയുടെ കൂട്ടവകാശികൾക്ക് എന്നപോലെ അവർക്കു മാനം പങ്കിട്ടുകൊണ്ട്, പരിജ്ഞാനപ്രകാരം അവരോടുകൂടെ വസിക്കുവിൻ. |
| പ്രവൃ. 4:33 | അപ്പൊസ്തലന്മാർ വലിയ ശക്തിയോടെ യേശു ക്രിസ്തുവിന്റ പുനരുത്ഥാനത്തിന് സാക്ഷ്യം |

നൽകിവന്നു, എല്ലാവരുടെയും മേൽ വലിയ കൃപയും ഉണ്ടായിരുന്നു.

പ്രവൃ. 11:23 അവൻ വന്ന് ദൈവകൃപ കണ്ടപ്പോൾ, സന്തോഷിക്കുകയും അവർ എല്ലാവരെയും ഹൃദയ നിശ്ചയത്തോടെ കർത്താവിനോടുകൂടെ തുടരുവാൻ ഉൽസാഹിപ്പിക്കുകയും ചെയ്തു.

f. കഷ്ടാനുഭവങ്ങളുടെയും പരീക്ഷകളുടെയും നടുവിൽ നമ്മുടെ വർദ്ധിച്ചുവരുന്നതും സകലത്തിനും മതിയായതുമായ കൃപയായി കർത്താവിനെ നമുക്ക് അനുഭവമാക്കുവാൻ കഴിയും—2 കൊരി. 12:9.

2 കൊരി. 12:9 അവൻ എന്നോട്, എന്റെ കൃപ നിനക്ക് മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്ന് പറഞ്ഞു. അതുകൊണ്ട് ക്രിസ്തുവിന്റെ ശക്തി എന്റെമേൽ കൂടാരമടിക്കേണ്ടതിന്, ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും.

g. തന്റെ കൃപയുടെ ശക്തിയിൽ നാം കർത്താവിനുവേണ്ടി അധ്വാനിക്കണം—1 കൊരി. 15:10, 58; 3:12.

1 കൊരി. 15:10 എന്നാൽ ദൈവത്തിന്റെ കൃപയാൽ ഞാൻ ആകുന്നത് ഞാൻ ആകുന്നു; എന്നോടുള്ള അവന്റെ കൃപ വ്യർഥമായിത്തീർന്നതുമില്ല, എന്നാൽ അതിന് വിരുദ്ധമായി, അവരിൽ എല്ലാവരിലും അത്യധികമായി ഞാൻ അധ്വാനിച്ചു, എങ്കിലും ഞാനല്ല എന്നോടുകൂടെയുള്ള ദൈവകൃപയത്രേ.

1 കൊരി. 15:58 അതുകൊണ്ട് എന്റെ പ്രിയ സഹോദരന്മാരേ, നിങ്ങളുടെ അധ്വാനം കർത്താവിൽ വ്യർഥമല്ല എന്ന് അറിഞ്ഞുകൊണ്ട്, ഉറപ്പുള്ളവരും, അചഞ്ചലരും, എല്ലായ്പ്പോഴും കർത്താവിന്റെ വേലയിൽ വർധിച്ചുവരുന്നവരും ആയിരിക്കുവിൻ.

1 കൊരി. 3:12 എന്നാൽ അടിസ്ഥാനത്തിന്മേൽ ആരെങ്കിലും പൊന്ന്, വെള്ളി, വിലയേറിയ കല്ലുകൾ, മരം, പുല്ല്, വൈക്കോൽ എന്നിവകൊണ്ട് പണിയുന്നു എങ്കിൽ,

h. നാം ബഹുവിധമായ ദൈവകൃപയുടെ നല്ല കാര്യവിചാരകന്മാരാകണം—1 പത്രൊ. 4:10; എഫെ. 3:2; 2 കൊരി. 1:15; എഫെ. 4:29.

1 പത്രൊ. 4:10 ഓരോരുത്തനും, തനിക്ക് വരം ലഭിച്ചിരിക്കുന്നതുപോലെ, ബഹുവിധമായ ദൈവകൃപയുടെ നല്ല കാര്യവിചാരകന്മാരായി നിങ്ങളുടെ ഇടയിൽ അത് ശുശ്രൂഷിച്ചുകൊണ്ടുതന്നെ.

എഫെ. 3:2 നിങ്ങൾക്കായി എനിക്കു നൽകപ്പെട്ട ദൈവകൃപയുടെ കാര്യവിചാരകത്വത്തെക്കുറിച്ച് നിങ്ങൾ വാസ്തവമായി കേട്ടിട്ടുണ്ടെങ്കിൽ,

2 കൊരി. 1:15 ഈ നിശ്ചയത്തിൽ നിങ്ങൾക്ക് ഇരട്ടി കൃപ

| | |
|---|---|
| | ഉണ്ടാകേണ്ടതിന്, ഞാൻ മുമ്പേ നിങ്ങളുടെ അടുക്കൽ വരുവാനും, |
| എഫെ. 4:29 | നിങ്ങളുടെ വായിൽനിന്ന് ദുഷിച്ച വാക്കൊന്നും പുറപ്പെടാതെ, കേൾക്കുന്നവർക്ക് കൃപ ലഭിക്കേണ്ടതിന്, ആവശ്യാനുസരണം, കെട്ടുപണിക്ക് കൊള്ളാവുന്നതു മാത്രം പുറപ്പെടട്ടെ. |

i. കൃപയുടെ ശക്തിയാലും, കൃപയുടെ ബലത്താലും, കൃപയുടെ ജീവനാലും, നമുക്ക് ദൈവത്തോടും പരസ്പരവും നേരുള്ളവരായിരിക്കുവാൻ കഴിയും; കൃപ നീതിയെ ഉളവാക്കുന്നു—എബ്രാ. 11:7; റോമ. 5:17, 21.

| | |
|---|---|
| എബ്രാ. 11:7 | വിശ്വാസത്താൽ നോഹ, അതുവരെ കാണാത്ത കാര്യങ്ങളെക്കുറിച്ച് ദിവ്യനിർദേശം ലഭിച്ചിട്ട് ഭയഭക്തി പൂണ്ട്, തന്റെ ഭവനത്തിന്റെ രക്ഷയ്ക്കായി ഒരു പെട്ടകം തയ്യാറാക്കി, അതിലൂടെ അവൻ ലോകത്തെ കുറ്റം വിധിക്കുകയും, വിശ്വാസപ്രകാരമുള്ള നീതിയുടെ അവകാശിയായിത്തീരുകയും ചെയ്തു. |
| റോമ. 5:17 | ഏകന്റെ അതിക്രമത്താൽ ഏകനിലൂടെ മരണം വാണു എങ്കിൽ, കൃപയുടെയും നീതിയുടെ ഉപഹാരത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ, യേശു ക്രിസ്തു എന്ന ഏകനിലൂടെ എത്ര അധികമായി ജീവനിൽ വാഴും. |
| റോമ. 5:21 | എപ്രകാരം പാപം മരണത്തിൽ വാണുവോ, അപ്രകാരം തന്നെ കൃപ നീതിയിലൂടെ നിത്യജീവങ്കലേക്ക് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലൂടെ വാഴേണ്ടതിനു തന്നെ. |

**III. നോഹയുടെ വേല യുഗത്തെ മാറ്റിയ വേലയായിരുന്നു—1 കൊരി. 3:9; 2 കൊരി. 6:1; മത്താ. 16:18; 1 കൊരി. 3:12:**

| | |
|---|---|
| 1 കൊരി. 3:9 | ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാർ; നിങ്ങൾ ദൈവത്തിന്റെ കൃഷിയിടം, ദൈവത്തിന്റെ കെട്ടിടം. |
| 2 കൊരി. 6:1 | അങ്ങനെ അവനോടുകൂടെ വേല ചെയ്തുകൊണ്ട്, ദൈവത്തിന്റെ കൃപ വ്യർഥമായി പ്രാപിക്കരുതെന്ന് ഞങ്ങൾ നിങ്ങളോട് അപേക്ഷിക്കുന്നു; |
| മത്താ. 16:18 | നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല എന്നും ഞാൻ നിന്നോടു പറയുന്നു. |
| 1 കൊരി. 3:12 | എന്നാൽ അടിസ്ഥാനത്തിന്മേൽ ആരെങ്കിലും പൊന്ന്, വെള്ളി, വിലയേറിയ കല്ലുകൾ, മരം, പുല്ല്, വൈക്കോൽ എന്നിവകൊണ്ട് പണിയുന്നു എങ്കിൽ, |

A. ദൈവം നോഹയ്ക്ക് സർവവും ഉൾക്കൊള്ളുന്ന ഒരു വെളിപാട്, കൂടുതലായുള്ള ഒരു വെളിപാട്, പെട്ടകം പണിയുവാനുള്ള വെളിപാട് നൽകി, അതായിരുന്നു ദൈവം ദുഷിച്ച തലമുറയെ അവസാനിപ്പിക്കുകയും ഒരു പുതിയ യുഗം കൊണ്ടുവരുകയും ചെയ്യുന്നതിനുള്ള മാർഗം:

1. പെട്ടകം ക്രിസ്തുവിന്റെ ഒരു മുൻകുറിയാണ് (1 പത്രൊ. 3:20-21)—അത് വ്യക്തിയായ ക്രിസ്തു മാത്രമല്ല, പുതിയ യെരൂശലേമിൽ പരിണതിപ്രാപിക്കുന്ന ക്രിസ്തുവിന്റെ ശരീരവും പുതിയ മനുഷ്യനുമായ, സഭയെന്ന സംഘാത ക്രിസ്തുവും കൂടിയാണ് (മത്താ. 16:18; 1 കൊരി. 12:12; എഫെ. 2:15-16; കൊലൊ. 3:10-11; വെളി. 21:2).

| | |
|---|---|
| 1 പത്രൊ. 3:20 | നോഹയുടെ നാളുകളിൽ, പെട്ടകം ഒരുക്കുന്ന സമയത്ത്, ദൈവത്തിന്റെ ദീർഘക്ഷമ കാത്തിരുന്നപ്പോൾ, മുമ്പ് അനുസരിക്കാത്ത ആത്മാക്കളോടു തന്നെ; ആ പെട്ടകത്തിലേക്ക് പ്രവേശിച്ച അൽപജനത്തെ, എന്നുവച്ചാൽ, എട്ടു ദേഹികളെ വെള്ളത്തിലൂടെ സുരക്ഷിതരായി കൊണ്ടുവന്നു. |
| 1 പത്രൊ. 3:21 | ആ വെള്ളം, സ്നാനത്തിനു മുൻകുറിയായി, ഇപ്പോൾ നിങ്ങളെയും രക്ഷിക്കുന്നു, സ്നാനമോ ജഡത്തിലെ അഴുക്കു നീക്കിക്കളയുന്നതല്ല, പിന്നെയോ യേശു ക്രിസ്തുവിന്റെ പുനരുത്ഥാനത്തിലൂടെ ദൈവത്തിങ്കലേക്ക് നല്ല മനസ്സാക്ഷിയുടെ അഭ്യർഥനയത്രേ, |
| മത്താ. 16:18 | നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല എന്നും ഞാൻ നിന്നോടു പറയുന്നു. |
| 1 കൊരി. 12:12 | എന്തെന്നാൽ ശരീരം ഒന്നും, അതിന് പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, ശരീരത്തിലെ അവയവങ്ങളെല്ലാം പലതായിരിക്കെ, ഒരു ശരീരം ആയിരിക്കുന്നതുപോലെ ആകുന്നു ക്രിസ്തുവും. |
| എഫെ. 2:15 | വേർപാടിന്റെ നടുച്ചുവർ എന്ന ശത്രുത്വത്തെ ഇടിച്ചുകളഞ്ഞു, അത് അവനിൽത്തന്നെ ഇരുകൂട്ടരെയും ഏക പുതുമനുഷ്യനാക്കി അവൻ സൃഷ്ടിക്കേണ്ടതിനും, അങ്ങനെ സമാധാനം ഉണ്ടാക്കി, |
| എഫെ. 2:16 | ക്രൂശിനാൽ ശത്രുത്വത്തെ ഇല്ലാതാക്കിയിട്ട്, അതിലൂടെ ഇരുകൂട്ടരെയും ഏകശരീരത്തിൽ ദൈവത്തോട് നിരപ്പിക്കേണ്ടതിനും ആകുന്നു. |
| കൊലൊ. 3:10 | തന്നെ സൃഷ്ടിച്ചവന്റെ സ്വരൂപപ്രകാരം പൂർണ പരിജ്ഞാനത്തിങ്കലേക്ക് പുതുക്കപ്പെടുന്ന, പുതുമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ, |
| കൊലൊ. 3:11 | അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു. |
| വെളി. 21:2 | പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം, അവളുടെ ഭർത്താവിനായി അലങ്കരിക്കപ്പെട്ട മണവാട്ടിയായി ഒരുക്കപ്പെട്ട്, സ്വർഗത്തിൽനിന്ന് ദൈവത്തിന്റെ പക്കൽനിന്ന് ഇറങ്ങിവരുന്നതു ഞാൻ കണ്ടു. |

2. പെട്ടകത്തിന്റെ കെട്ടുപണി, ദൈവത്തോടൊപ്പം വേലചെയ്യുന്നവർ കെട്ടുപണിയുടെ സാമഗ്രിയായി ക്രിസ്തുവിന്റെ സമ്പത്തിന്റെ

മൂലകംകൊണ്ട്, സംഘാത ക്രിസ്തുവിനെ കെട്ടുപണി ചെയ്യുന്നത് മുൻകുറിക്കുന്നു—1 കൊരി. 3:9-12a; എഫെ. 4:12; 2:22.

| | |
|---|---|
| 1 കൊരി. 3:9 | ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാർ; നിങ്ങൾ ദൈവത്തിന്റെ കൃഷിയിടം, ദൈവത്തിന്റെ കെട്ടിടം. |
| 1 കൊരി. 3:10 | എനിക്കു നൽകിയ ദൈവകൃപയ്ക്കൊത്തവണ്ണം, ജ്ഞാനമുള്ള വിദഗ്ധ ശിൽപ്പിയായി ഞാൻ അടിസ്ഥാനം ഇട്ടിരിക്കുന്നു, മറ്റൊരുവൻ അതിന്മേൽ പണിയുന്നു. എന്നാൽ ഓരോരുത്തനും അതിന്മേൽ എങ്ങനെ പണിയുന്നു എന്ന് സൂക്ഷിച്ചുകൊള്ളട്ടെ. |
| 1 കൊരി. 3:11 | യേശു ക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ, മറ്റൊന്ന് ഇടുവാൻ ആർക്കും കഴിയുകയില്ല. |
| 1 കൊരി. 3:12 | എന്നാൽ അടിസ്ഥാനത്തിന്മേൽ ആരെങ്കിലും പൊന്ന്, വെള്ളി, വിലയേറിയ കല്ലുകൾ, മരം, പുല്ല്, വൈക്കോൽ എന്നിവകൊണ്ട് പണിയുന്നു എങ്കിൽ, |
| എഫെ. 4:12 | അത് നാം എല്ലാവരും വിശ്വാസത്തിന്റെയും ദൈവപുത്രനെക്കുറിച്ചുള്ള പൂർണ പരിജ്ഞാനത്തിന്റെയും ഒരുമയിലേക്ക്, പൂർണവളർച്ച പ്രാപിച്ച മനുഷ്യനിലേക്ക്, ക്രിസ്തുവിന്റെ നിറവിന്റെ വലിപ്പത്തിന്റെ അളവിലേക്ക് എത്തിച്ചേരുവോളം, |
| എഫെ. 2:22 | അവനിൽ, നിങ്ങളും ആത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി ഒന്നിച്ചു പണിയപ്പെടുന്നു. |

3. ഈ കെട്ടുപണി എന്നത്, അവർ ജഡത്തിലുള്ള ദൈവത്തിന്റെ വെളിപ്പെടൽ ആയിത്തീരേണ്ടതിന്, അവരെ ക്രിസ്തുവിനെക്കൊണ്ട് ചേർത്തുപണിയുന്നതിന്, ജനത്തിലേക്ക് ക്രിസ്തുവിനെ പണിതുചേർക്കുന്നതാണ്—1 തിമൊ. 3:15-16:

| | |
|---|---|
| 1 തിമൊ. 3:15 | എന്നാൽ ഞാൻ താമസിച്ചുപോയാൽ, സത്യത്തിന്റെ തൂണും അടിസ്ഥാനവുമായ, ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവ ഭവനത്തിൽ ഒരുവൻ തന്നെത്താൻ നടത്തേണ്ടത് എങ്ങനെ എന്ന് നീ അറിയേണ്ടതിനു ഞാൻ എഴുതുന്നു. |
| 1 തിമൊ. 3:16 | സമ്മതമാംവണ്ണം, ദൈവികതയുടെ മർമം വലിയതാകുന്നു: അവൻ ജഡത്തിൽ വെളിപ്പെട്ടു, ആത്മാവിൽ നീതീകരിക്കപ്പെട്ടു, ദൂതന്മാരാൽ കാണപ്പെട്ടു, ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു, ലോകത്തിൽ വിശ്വസിക്കപ്പെട്ടു, തേജസ്സിൽ എടുക്കപ്പെട്ടു. |

a. നമ്മുടെ വേലയിലെ നിർണായക വിഷയം എന്നത്, ത്രിയേക ദൈവത്തിന് തന്നെത്തന്നെ അവരുടെ ആളത്തത്തിലേക്ക് പണിതുചേർക്കുവാൻ കഴിയത്തക്കവണ്ണം, മറ്റുള്ളവരിലേക്ക് പണിയുന്നവനും പണിയപ്പെട്ടവനുമായ ദൈവത്തെ ശുശ്രൂഷിക്കുക എന്നതാണ്—മത്താ. 16:18; എഫെ. 2:21-22; 3:17; 1 കൊരി. 14:4.

| | |
|---|---|
| മത്താ. 16:18 | നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല എന്നും ഞാൻ നിന്നോടു പറയുന്നു. |
| എഫെ. 2:21 | അവനിൽ കെട്ടിടം മുഴുവൻ, യുക്തമായി |

ചേർന്ന്, കർത്താവിൽ വിശുദ്ധ ആലയമായി വളരുന്നു;

എഫെ. 2:22 അവനിൽ, നിങ്ങളും ആത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി ഒന്നിച്ചു പണിയപ്പെടുന്നു.

എഫെ. 3:17 അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും, അത് നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ട്,

1 കൊരി. 14:4b ...എന്നാൽ പ്രവചിക്കുന്നവൻ സഭയെ കെട്ടുപണി ചെയ്യുന്നു.

b. നാം ഒരു കാര്യം അഭ്യസിക്കേണ്ടതുണ്ട്—പ്രക്രിയാവിധേയനും പരിണതിപ്രാപിച്ചവനുമായ ത്രിയേക ദൈവത്തെ മറ്റുള്ളവരിലേക്ക് ശുശ്രൂഷിക്കുക, അങ്ങനെ അവൻ തന്നെത്തന്നെ അവരുടെ ആന്തരിക മനുഷ്യനിലേക്ക് പണിതുചേർക്കും; ഈ രീതിയിൽ വേലചെയ്യുവാൻ കർത്താവ് നമ്മെ പഠിപ്പിക്കണമെന്ന് നാം പ്രാർഥിക്കണം—2 കൊരി. 13:14; 1 കൊരി. 3:9, 10, 12; റോമ. 11:36.

2 കൊരി. 13:14 കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ.

1 കൊരി. 3:9 ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാർ; നിങ്ങൾ ദൈവത്തിന്റെ കൃഷിയിടം, ദൈവത്തിന്റെ കെട്ടിടം.

1 കൊരി. 3:10 എനിക്കു നൽകിയ ദൈവകൃപയ്ക്കൊത്തവണ്ണം, ജ്ഞാനമുള്ള വിദഗ്ധ ശിൽപ്പിയായി ഞാൻ അടിസ്ഥാനം ഇട്ടിരിക്കുന്നു, മറ്റൊരുവൻ അതിന്മേൽ പണിയുന്നു. എന്നാൽ ഓരോരുത്തനും അതിന്മേൽ എങ്ങനെ പണിയുന്നു എന്ന് സൂക്ഷിച്ചുകൊള്ളട്ടെ.

1 കൊരി. 3:12 എന്നാൽ അടിസ്ഥാനത്തിന്മേൽ ആരെങ്കിലും പൊന്ന്, വെള്ളി, വിലയേറിയ കല്ലുകൾ, മരം, പുല്ല്, വൈക്കോൽ എന്നിവകൊണ്ട് പണിയുന്നു എങ്കിൽ,

റോമ. 11:36 സകലവും അവനിൽനിന്നും അവനിലൂടെയും അവനിലേക്കും ആകുന്നുവല്ലോ. അവന് എന്നെന്നേക്കും മഹത്വം. ആമേൻ.

B. സഭ കെട്ടുപണിചെയ്യുന്നതിലൂടെയും സഭാജീവിതത്തിലേക്ക് പ്രവേശിക്കുന്നതിലൂടെയും, മഹോപദ്രവത്തിലൂടെ ഇന്നത്തെ ദുഷ്ട തലമുറയുടെമേലുള്ള ദൈവത്തിന്റെ ന്യായവിധിയിൽനിന്ന് നാം രക്ഷപ്പെടുകയും, ഒരു പുതിയ യുഗമായ സഹസ്രാബ്ദ യുഗത്തിലേക്ക് ആനയിക്കപ്പെടുവാൻ ആ തലമുറയിൽനിന്ന് വേർതിരിക്കപ്പെടുകയും ചെയ്യും—എബ്രാ. 11:7; മത്താ. 24:37-39; ലൂക്കൊ. 17:26-27.

എബ്രാ. 11:7 വിശ്വാസത്താൽ നോഹ, അതുവരെ കാണാത്ത കാര്യങ്ങളെക്കുറിച്ച് ദിവ്യനിർദേശം ലഭിച്ചിട്ട് ഭയഭക്തി പൂണ്ട്, തന്റെ ഭവനത്തിന്റെ രക്ഷയ്ക്കായി ഒരു പെട്ടകം തയ്യാറാക്കി, അതിലൂടെ അവൻ ലോകത്തെ കുറ്റം വിധിക്കുകയും,

വിശ്വാസപ്രകാരമുള്ള നീതിയുടെ അവകാശിയായിത്തീരുകയും ചെയ്തു.

മത്താ. 24:37 എപ്രകാരം നോഹയുടെ നാളുകൾ ആയിരുന്നുവോ, അപ്രകാരം തന്നെ മനുഷ്യപുത്രന്റെ വരവും ആയിരിക്കും.

മത്താ. 24:38 എന്തെന്നാൽ ജലപ്രളയത്തിനു മുമ്പുള്ള ആ നാളുകളിൽ, നോഹ പെട്ടകത്തിനുള്ളിലേക്കു പ്രവേശിച്ച നാൾവരെ, അവർ തിന്നുകയും കുടിക്കുകയും, വിവാഹം കഴിക്കുകയും വിവാഹത്തിന് ഏൽപ്പിക്കുകയും ചെയ്തിരുന്ന പോലെ,

മത്താ. 24:39 ജലപ്രളയം വന്നു എല്ലാറ്റിനെയും എടുത്തുകൊണ്ടു പോയതുവരെ, ന്യായവിധി വരുന്നുണ്ടെന്ന് അവർ അറിഞ്ഞില്ല; മനുഷ്യപുത്രന്റെ വരവും അങ്ങനെതന്നെ ആയിരിക്കും.

ലൂക്കൊ. 17:26 നോഹയുടെ നാളുകളിൽ സംഭവിച്ചതുപോലെ തന്നെ, മനുഷ്യപുത്രന്റെ നാളുകളിലും ആയിരിക്കും:

ലൂക്കൊ. 17:27 നോഹ പെട്ടകത്തിലേക്കു പ്രവേശിച്ചിട്ട്, ജലപ്രളയം വന്ന് അവരെ എല്ലാം നശിപ്പിച്ച നാൾവരെ, അവർ ഭക്ഷിക്കുകയും, പാനം ചെയ്യുകയും, വിവാഹം കഴിക്കുകയും, വിവാഹത്തിനു നൽകുകയും ചെയ്തിരുന്നു.